**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 523** **09-08-2023 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകൾക്ക് നോൺ പ്ലാൻ ഗ്രാൻഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ നോൺ പ്ലാൻ ഗ്രാൻഡ് മാർച്ച് മാസത്തിൽ സർവകലാശാലകൾക്ക് വിതരണം ചെയ്യാൻ സാധിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | സർവ്വകലാശാലകൾക്ക് പദ്ധതിയേതര വിഹിതം പ്രധാനമായും ശമ്പള ഇനത്തിലാണ് വകയിരുത്തിയിട്ടുള്ളത്. 2022 മാർച്ച് മുതൽ 2023 ഫെബ്രുവരി വരെയുള്ള ശമ്പള വിതരണത്തിന് ആവശ്യമായ തുകയ്ക്ക് സീലിംഗ് പരിധി ഉയർത്തി നൽകിയിട്ടുണ്ട്. കേരള സർവ്വകലാശാലയ്ക്ക് 2023 ജനുവരി മാസത്തിലും എം.ജി, കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലകൾക്ക് 2023 മാർച്ച് മാസത്തിലും നോൺ പ്ലാൻ ഗ്രാന്റിനത്തിൽ അവസാന ഗഡു അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം കേരള ആരോഗ്യ സർവ്വകലാശാലയ്ക്ക് നോൺപ്ലാൻ ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയ തുകയുടെ 50% റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. കേരള ആരോഗ്യ സർവ്വകലാശാലയുടെ തനതു ഫണ്ടിൽ ആവശ്യമായ തുക ശേഷിക്കുന്നതിനാൽ ധനകാര്യ (ബഡ്ജറ്റ്- ബി) വിഭാഗത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ നോൺ പ്ലാൻ ഗ്രാന്റിനത്തിലെ ബാക്കി 50% റിലീസ് ചെയ്തു നൽകാതിരുന്നത്. |
| (ബി) | യഥാസമയം വിതരണം ചെയ്യാതിരുന്ന പ്രസ്തുത ഗ്രാൻഡ് സാമ്പത്തിക വർഷം അവസാനിച്ചതിനാൽ ലാപ്സായതായി സർവകലാശാലകളെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 2022-23 സാമ്പത്തിക വർഷം അവസാനിക്കുകയും പുതിയ സാമ്പത്തിക വർഷം ആരംഭിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ 2022-23 സാമ്പത്തിക വർഷത്തെ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയും നടപ്പ് സാമ്പത്തിക വർഷത്തെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. അപ്രകാരം ലഭിച്ച പ്രൊപ്പോസലുകൾ ധനവകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | ഓരോ സർവകലാശാലയ്ക്കും നോൺ പ്ലാൻ | (സി) | ഓരോ സർവകലാശാലയ്ക്കും നോൺ പ്ലാൻ ഗ്രാന്റിനത്തിൽ |

| | | | |
|---|---|---|---|
| | ഗ്രാൻഡ് ഇനത്തിൽ എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായത്; വിശദാംശം ലഭ്യമാക്കുമോ? | | ചിലവഴിക്കാനാവാതെ സറണ്ടർ ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു: |

| സ്ഥാപനം | നോൺ പ്ലാൻ ഗ്രാന്റിനത്തിൽ ലാപ്സായ തുക |
|---|---|
| കേരള സർവ്വകലാശാല | 30,22,10,000/- രൂ |
| എം.ജി.സർവ്വകലാശാല | 16,33,50,000/- രൂ |
| കാലിക്കറ്റ് സർവ്വകലാശാല | 20,37,47,500/- രൂ |
| കണ്ണൂർ സർവ്വകലാശാല | 5,12,60,000/- രൂ |
| കുസാറ്റ് | 13,05,70,000/- രൂ |
| ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | 6,14,90,000/- രൂ |
| കേരള ആരോഗ്യ സർവ്വകലാശാല | 3,54,20,000/- രൂ |
| എ.പി.ജെ.എ.കെ.റ്റി.യു. സർവകലാശാല | 18,97,90,700/- രൂ |
| കേരള കാർഷിക സർവ്വകലാശാല | മാർച്ച് മാസത്തെ<br>ശമ്പളത്തിനായ്<br>അനുവദിക്കേണ<br>33,98,17,500/- രൂപ നട<br>സാമ്പത്തിക വർഷത്തെ<br>വിഹിതത്തിൽ നിന്നു<br>അനുവദിച്ചു നൽകിയിട്ടുണ്ട് |
| കേരള വെറ്ററിനറി സർവ്വകലാശാല | മാർച്ച് മാസത്തെ<br>ശമ്പളത്തിനായ്<br>അനുവദിക്കേണ<br>7,26,00,000/- രൂപ നട<br>സാമ്പത്തിക വർഷത്തെ<br>വിഹിതത്തിൽ നിന്നു<br>അനുവദിച്ചു നൽകിയിട്ടുണ്ട് |
| കേരള സമുദ്ര പഠന സർവ്വകലാശാല | മാർച്ച് മാസത്തെ<br>ശമ്പളത്തിനായ്<br>അനുവദിക്കേണ<br>1,26,16,000/- രൂപ നട<br>സാമ്പത്തിക വർഷത്തെ<br>വിഹിതത്തിൽ നിന്നു<br>അനുവദിച്ചു നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ